ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

TIME: 6.30 PM DATE:27.11.2024

# പ്രധാനവാർത്തകൾ

1) ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാനും സാങ്കേതിക സംവിധാനങ്ങൾ ഒരുക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

2) കേരളത്തിൽ വിളയിടം അടിസ്ഥാനമാക്കിയുള്ള കൃഷിരീതി നടപ്പിലാക്കുമെന്നും കാർഷിക സർവകലാശാലയുടെ ഗവേഷണങ്ങൾ ഇതിനായി പ്രയോജനപ്പെടുത്തുമെന്നും കൃഷിവകുപ്പ് മന്ത്രി പി പ്രസാദ്.

3) വിവിധ പദ്ധതികൾക്കായി സംസ്ഥാനത്ത് 475 ഹെക്ടർ സ്ഥലം റെയിൽവേയ്ക്ക് ആവശ്യമുണ്ടെന്നും ഇതിൽ 64 ഹെക്ടർ സ്ഥലം മാത്രമാണ് ഇതുവരെ ഏറ്റെടുത്തിട്ടുള്ളതെന്നും കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

4) മുനമ്പം വിഷയത്തിൽ ശാശ്വതമായ പരിഹാരം കാണാനാണ് സർക്കാരിൻറെ ശ്രമമെന്ന് മന്ത്രി പി രാജീവ്. രേഖകൾ ഉള്ള ഒരാളെ പോലും കുടിയൊഴിപ്പിക്കില്ലെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ടെന്നും മന്ത്രി.

5) തൃശൂർ നാട്ടികയിൽ ഉറങ്ങികിടന്നവരുടെ മേൽ ലോറി കയറി 5 പേരുടെ മരണത്തിനിടയാക്കിയ സംഭവത്തിൽ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു.

6) സയ്യിദ് മുഷ്താഖ് അലി ക്രിക്കറ്റ് ടൂർണമെൻറിൽ നാഗാലൻറിന് എതിരെ കേരളത്തിന് തകർപ്പൻ ജയം.

RNU TVPM

## അഗ്നിരക്ഷാസേന- മുഖ്യമന്ത്രി

ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാനും സാങ്കേതിക സംവിധാനങ്ങൾ ഒരുക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ജീവന് സുരക്ഷ ഉറപ്പാക്കുക എന്നതാണ് പരമപ്രധാനം. ഈ കാഴ്ച പ്പാടോടു കൂടിയാണ് അഗ്നിരക്ഷാസേനയെ പുതിയ സൗകര്യങ്ങളും സജ്ജീകരണങ്ങളുമൊരുക്കി നവീകരിക്കുന്ന തെന്നും മുഖ്യമന്ത്രി പറഞ്ഞു.ഫയർ സർവീസ് മെഡൽ വിതരണവും ആധുനിക ഉപകരണങ്ങളുടെ പ്രവർത്തന ഉദ്ഘാടനവും തിരുവനന്തപുരം ഫയർ ആൻഡ് റസ്ക്യൂ ആസ്ഥാന മന്ദിരത്തിൽ നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

(ഹോൾഡ് വോയ്സ്)

☸☸☸☸☸☸☸☸☸☸

PNUTVPM

## മന്ത്രി പി പ്രസാദ് - കൃഷി

കേരളത്തിൽ വിളയിടം അടിസ്ഥാനമാക്കിയുള്ള കൃഷിരീതി നടപ്പിലാ ക്കുമെന്നും കാർഷിക സർവകലാശാലയുടെ ഗവേഷണങ്ങൾ ഇതിനായി പ്രയോജനപ്പെടുത്തുമെന്നും കൃഷിവകുപ്പ് മന്ത്രി പി പ്രസാദ്. കാർഷിക സർവകലാശാല തയ്യാറാക്കിയ പുസ്തകങ്ങളായ വിള പരിപാലന ശുപാർശകൾ 2024, കോൾ നിലങ്ങളുടെ അറ്റ്ലസ് എന്നിവ സെക്രട്ടേറിയേറ്റ് ലയം ഹാളിൽ പ്രകാശനം ചെയ്ത് സംസാരി ക്കുകയായിരുന്നു മന്ത്രി. പത്തുവർഷം മുൻപുള്ള കൃഷി രീതിയല്ല ഇന്ന്. കേരളത്തിൽ തന്നെ ഒരിടത്ത് നടപ്പിലാക്കുന്ന കൃഷിരീതി അതേപോലെ മറ്റൊരിടത്ത് നടപ്പാക്കാൻ കഴിയില്ല. ഭൂപ്രകൃതിയും കാലാവസ്ഥയും അടിസ്ഥാനമാക്കി മാറ്റങ്ങൾ അനിവാര്യമാണെന്നും മന്ത്രി പറഞ്ഞു.

☸☸☸☸☸☸☸☸☸☸

## എറണാകുളം - ബംഗളൂരു വന്ദേ ഭാരത്

നടപ്പ് സാമ്പത്തിക വർഷം കേരളത്തിൽ 12,350 കോടി രൂപയുടെ പദ്ധതികളാണ് റെയിൽവേ നടപ്പാക്കി വരുന്നതെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. വിവിധ പദ്ധതികൾക്കായി സംസ്ഥാനത്ത് 475

ഹെക്ടർ സ്ഥലം റെയിൽവേയ്ക്ക് ആവശ്യമുണ്ട്. ഇതിൽ 64 ഹെക്ടർ സ്ഥലം മാത്രമാണ് ഇതുവരെ ഏറ്റെടുത്തിട്ടുള്ളത് എന്നും അദ്ദേഹം അറിയിച്ചു. സ്ഥലം ഏറ്റെടുക്കുന്നതിന് 2112 കോടി രൂപ കേന്ദ്രം സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ട്. ഏറ്റെടുക്കൽ ത്വരിതപെടുത്തുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് കൂടുതൽ സഹകരണം ആവശ്യമാണെന്നും കേന്ദ്ര മന്ത്രി പറഞ്ഞു. എറണാകുളം - ബംഗളൂരു വന്ദേഭാരത് ട്രെയിൻ നിർത്തിയിട്ടി ല്ലെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ലോക്സഭയെ അറിയിച്ചു. യാത്രക്കാരുടെ തിരക്ക് കുറയ്ക്കാൻ സ്പെയർ വന്ദേ ഭാരത് റെയ്ക്ക് ഉപയോഗപ്പെടുത്തി ഏതാനും ദിവസങ്ങൾ സർവീസ് നടത്തിയതിനാലാകണം ട്രെയിൻ സർവീസ് നിർത്തിയതായുള്ള ധാരണ പരക്കാൻ ഇടയായതെന്ന് അദ്ദേഹം ഡീൻ കുര്യാക്കോസ് എം പി യ്ക്ക് രേഖമൂലം നൽകിയ മറുപടിയിൽ പറഞ്ഞു.

☸☸☸☸☸☸☸☸☸☸

## മുനമ്പം വിഷയം

മുനമ്പം വിഷയത്തിൽ ശാശ്വതമായ പരിഹാരം കാണാനാണ് സർക്കാരിൻറെ ശ്രമമെന്ന് മന്ത്രി പി രാജീവ്. രേഖകൾ ഉള്ള ഒരാളെ പോലും കുടിയൊഴിപ്പിക്കില്ലെന്ന് സർക്കാർ വ്യക്തമാക്കിയിട്ടു ണ്ടെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

RNU TVPM

☸☸☸☸☸☸☸☸☸☸

## ആർ ബിന്ദു

കേരള സംസ്ഥാന വയോജന കമ്മീഷൻ രൂപീകരിച്ച് ഓർഡിനൻസ് പുറപ്പെടുവിക്കാൻ തീരുമാനിച്ചതായി മന്ത്രി ആർ ബിന്ദു വാർത്താ സമ്മേളനത്തിൽ അറിയിച്ചു. മന്ത്രിസഭാ യോഗത്തിലാണ് തീരുമാനം. അവഗണനയും ചൂഷണവും അനാഥത്വവും അടക്കമുള്ള വയോജന ങ്ങളുടെ ജീവിത പ്രയാസങ്ങളും വർധിച്ചുവരുന്ന ഉത്കണ്ഠ കളും പരിഗണിച്ചാണ് തീരുമാനം. നിർദ്ദിഷ്ട ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് വിധേയമായി വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി മാർഗനിർദ്ദേശങ്ങൾ നൽകുക, സഹായി ക്കുക, എന്നതാണ് പ്രധാന ലക്ഷ്യം.

☸☸☸☸☸☸☸☸☸☸

## നാട്ടിക

തൃശൂർ നാട്ടികയിൽ ഉറങ്ങികിടന്നവരുടെ മേൽ ലോറി കയറി 5 പേരുടെ മരണത്തിനിടയാക്കിയ സംഭവത്തിൽ മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു. സംഭവത്തിൽ മനുഷ്യാവകാശ കമ്മീഷൻ ആണ് കേസെടുത്തത്. തൃശൂർ റൂറൽ ജില്ലാ പോലീസ് മേധാവി സംഭവത്തെക്കുറിച്ച് വിശദമായി അന്വേഷിച്ച് 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ അംഗം വി.കെ ബീനാകുമാരി റൂറൽ എസ് പിക്ക് നിർദ്ദേശം നൽകി

❁❁❁❁❁❁❁❁❁❁

## പ്രിയങ്ക ഗാന്ധി സത്യപ്രതിജ്ഞ

വയനാട് ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി നാളെ എം.പി.യായി സത്യപ്രതിജ്ഞ ചെയ്യും. എം.പി.യായി തെരഞ്ഞെടുക്കപ്പെട്ടതിന്റെ സർട്ടിഫിക്കറ്റ് മുഖ്യ തെരഞ്ഞെടുപ്പ് ഏജൻറിൽ നിന്ന് പ്രിയങ്ക ഗാന്ധി ഏറ്റു വാങ്ങി. നവംബർ 30 ഡിസംബർ 1 തീയതി കളിൽ പ്രിയങ്ക ഗാന്ധി വയനാട്ടിൽ എത്തും. രണ്ടു ദിവസങ്ങളിലായി മണ്ഡലത്തിൻറെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന റോഡ് ഷോ ഉൾപ്പെടെയുള്ള പരിപാടികളിൽ പങ്കെടുക്കും.

RNUTVPM

❁❁❁❁❁❁❁❁❁❁

## ഉപതെരഞ്ഞെടുപ്പ് സത്യപ്രതിജ്ഞ

ഉപതെരഞ്ഞെടുപ്പിൽ ചേലക്കര നിയോജകമണ്ഡലത്തിൽ നിന്നും വിജയിച്ച യു.ആർ. പ്രദീപ്, പാലക്കാട് നിയോജകമണ്ഡലത്തിൽ നിന്നും വിജയിച്ച രാഹുൽ മാങ്കൂട്ടത്തിൽ എന്നിവരുടെ സത്യപ്രതിജ്ഞ ഡിസംബർ 04-ാം തീയതി നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടക്കും.

❁❁❁❁❁❁❁❁❁❁

## തൃശൂർ മെഡിക്കൽ കോളേജ് (ഇൻട്രോ)

അതിസങ്കീർണ ശസ്ത്രക്രിയയിലൂടെ ആദിവാസി യുവാവിന് പുതു ജീവൻ. അഭിമാനത്തോടെ തൃശൂർ മെഡിക്കൽ കോളേജ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്

(വോയ്സ്)

❁❁❁❁❁❁❁❁❁❁

## സയ്യിദ് മുഷ്താഖ് അലി ട്രോഫി

ഹൈദരാബാദിൽ നടന്ന സയ്യിദ് മുഷ്താഖ് അലി ക്രിക്കറ്റ് ടൂർണ മെൻറിൽ നാഗാലൻറിന് എതിരെ എട്ട് വിക്കറ്റിൻറെ തകർപ്പൻ വിജയവുമായി കേരളം. ആദ്യം ബാറ്റ് ചെയ്യ നാഗാലൻറ് 20 ഓവറിൽ എട്ട് വിക്കറ്റ് നഷ്ട ത്തിൽ 120 റൺസെടുത്തു. മറുപടി ബാറ്റിങ്ങിന് ഇറങ്ങിയ കേരളം 52 പന്ത് ബാക്കി നിൽക്കെ രണ്ട് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യത്തിലെത്തി. മൊഹമ്മദ് അസറുദ്ദീ നായിരുന്നു കേരളത്തെ നയിച്ചത്.

❁❁❁❁❁❁❁❁❁❁

RNUTVPM

## ഐഎസ്എൽ

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് മൊഹമ്മദൻ എഫ് സി, ബംഗളൂരു എഫ് സിയുമായി ഏറ്റുമുട്ടും. കൊൽക്കത്തയിൽ രാത്രി 7.30 ന് ആണ് മത്സരം.

❁❁❁❁❁❁❁❁❁❁

## ഓച്ചിറ ഉത്സവം

കൊല്ലം ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ വൃശ്ചികോത്സവത്തിന് പന്ത്രണ്ട് വിളക്കോടെ ഇന്ന് സമാപനമാകും. സന്ധ്യയ്ക്ക് ആൽത്തറ കളിലെ കൽവിളക്കുകളിൽ ദീപങ്ങൾ തെളിയിച്ചുള്ള ദീപാരാധന ദർശിച്ച് ഭക്തർ ഭജനം പാർക്കൽ പൂർത്തിയാക്കും. പന്ത്രണ്ട് വിളക്ക് പ്രമാണിച്ച് ശബരിമലയിലും വൻ തിരക്കാണ് അനുഭവപ്പെടുന്നത്.

❁❁❁❁❁❁❁❁❁❁

## ശബരിമല സൗജന്യ ഇന്റർനെറ്റ്

ശബരിമല തീർത്ഥാടകർക്ക് തടസമില്ലാത്ത ഇൻറർനെറ്റ് സേവനം ഉറപ്പാക്കാൻ ബി എസ് എൻ എല്ലും ദേവസ്വം ബോർഡും സംയുക്തമായി ഒരുക്കിയിട്ടുള്ളത് 48 വൈഫൈ സ്പോട്ടുകൾ. നിലയ്ക്കൽ മുതൽ സന്നിധാനം വരെയാണ് ഇവ സജ്ജമാക്കി യിട്ടുള്ളത്. ഏത് ഇൻറർനെറ്റ് സർവിസ് പ്രൊവൈഡറുടെ സിം ഉപയോഗിച്ചും സൗജന്യ സേവനം ആസ്വദിക്കാം. ഒരു സിമ്മിൽ ആദ്യത്തെ അരമണിക്കൂറാണ് സൗജന്യമായി 4ജി ഡാറ്റ ലഭിക്കുക. അരമണിക്കൂറിൽ കൂടുതൽ ഡാറ്റ ഉപയോഗി ക്കേണ്ടവർക്ക് പണം നൽകിയും ഇൻറർനെറ്റ് ലഭിക്കും.

☸☸☸☸☸☸☸☸☸☸

## ശബരിമല ഭക്ഷ്യസുരക്ഷാ വകുപ്പ്

ഹോട്ടലുകളിൽ ഭക്ഷണം കഴിക്കുന്ന ശബരിമല തീർത്ഥാടകർക്ക് പരാതിയുണ്ടെങ്കിൽ ഭക്ഷ്യസുരക്ഷാ വകുപ്പിനെ നേരിട്ട് വിളിക്കാം. പമ്പ, സന്നിധാനം, നിലയ്ക്കൽ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് വിവിധ സ്ക്വാഡു കളാണ് പ്രവർത്തിക്കുന്നത്. സന്നിധാനം 7593861767, പമ്പ 8592999666, നിലയ്ക്കൽ 7593861768 എന്നിവയ്ക്ക് പുറമെ ടോൾ ഫ്രീ 18004251125 നമ്പറും സജ്ജീകരിച്ചിട്ടുണ്ട്. സന്നിധാനത്ത് ഭക്ഷണം പാകം ചെയ്ത് തുറസായ രീതി യിൽ പ്രദർശിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയ തായും ഭക്ഷ്യസുരക്ഷാ വകുപ്പ് അറിയിച്ചു.

RNU TVPM

☸☸☸☸☸☸☸☸☸☸

## തീർഥാടകർ വന്യമൃഗങ്ങൾക്ക് ഭക്ഷണം നൽകരുത്

ശബരിമല തീർത്ഥാടകർ യാത്രാമധ്യേ വന്യമൃഗങ്ങൾക്ക് ഭക്ഷണ സാധനങ്ങൾ യാതൊരു കാരണവശാലും നൽകരുതെന്ന് വനംവകുപ്പ് അധികൃതർ ആവശ്യപ്പെട്ടു.

☸☸☸☸☸☸☸☸☸☸

☸☸☸☸☸☸

☸☸☸☸